# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 15

## വാർത്താക്കുറിപ്പ്

---

**മഹാത്മാഗാന്ധി സർവകലാശാലയിൽ സ്വാതന്ത്ര്യദിനാഘോഷം**

## സാമൂഹിക നീതി ഉറപ്പാക്കാൻ എല്ലാവരും നിലകൊള്ളണം: പ്രൊഫ. സാബു തോമസ്

സാമൂഹിക നീതി ഉറപ്പാക്കാൻ എല്ലാവരും നിലകൊള്ളണമെന്ന് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് പറഞ്ഞു . സർവകലാശാലയിലെ സ്വാതന്ത്ര്യദിനാഘോഷചടങ്ങിൽ ദേശീയ പതാകയുയർത്തിയശേഷം സ്വാതന്ത്ര്യദിന സന്ദേശം നൽകുകയായിരുന്ന അദ്ദേഹം.

മതനിരപേക്ഷതയും വൈവിധ്യങ്ങളും സംരക്ഷിച്ച് രാജ്യത്തെ മുന്നോട്ടുനയിക്കാനും സാമൂഹിക നീതി ഉറപ്പാക്കാനുമുള്ള ചിന്തകൾ മനസിൽ നിറയണം . ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലും ആരോഗ്യരംഗത്തും രാജ്യം മികച്ച നേട്ടങ്ങൾ കൈവരിച്ചു . ജനസംഖ്യയിൽ ഇത്രയേറെ യുവജനങ്ങളുള്ള രാജ്യം വേറെയില്ല . യുവജനങ്ങളിലാണ് രാജ്യത്തിന്റെ ഭാവി . തൊഴിലിനെ ഉപാസനയായി കാണണം . ആത്മസമർപ്പണത്തോടെ ജോലി ചെയ്ത് ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുമെന്ന് ജീവനക്കാർ പ്രതിജ്ഞയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

പ്രോ-വൈസ് ചാൻസലർ പ്രൊഫ . സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ . ആർ. പ്രഗാഷ്, രജിസ്ട്രാർ പ്രൊഫ . കെ. സാബുക്കുട്ടൻ, പരീക്ഷ കൺട്രോളർ പ്രൊഫ . ബി. പ്രകാശ് കുമാർ , സെക്യൂരിറ്റി ഓഫീസർ കെ .എം. ജോർജ് എന്നിവർ പങ്കെടുത്തു . സർവകലാശാല ജീവന ക്കാരും കുടുംബാംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു . സുരക്ഷാ ജീവനക്കാരുടെ പരേഡ് പരിശോധിച്ച വൈസ് ചാൻസലർ അഭിവാദ്യം സ്വീകരിച്ചു. ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തി.

### ഫോട്ടോ കാപ്ഷൻ

മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ദേശീയപതാകയുയർത്തുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് സ്വാതന്ത്ര്യദിന സന്ദേശം നൽകുന്നു. രജിസ്ട്രാർ പ്രൊഫ . കെ. സാബുക്കുട്ടൻ, പ്രോ-വൈസ് ചാൻസലർ പ്രൊഫ . സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ . ആർ. പ്രഗാഷ്, പരീക്ഷ കൺട്രോളർ പ്രൊഫ . ബി. പ്രകാശ് കുമാർ , സെക്യൂരിറ്റി ഓഫീസർ കെ .എം. ജോർജ് എന്നിവർ സമീപം.

(പി.ആർ.ഒ./39/1533/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ